മാതൃഭൂമി
Seed
FEDERAL BANK
പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ




മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം

MATHRUBHUMI SEED
DIGITAL NATURE MAGAZINE
LEAF - 16 JANUARY 2023

# ആകാശപ്പച്ച

## CONTENTS


എഡിറ്റോറിയൽ

കാട്ടിലെക്കാര്യം

സിനിമാപാട്ടിലെ പ്രകൃതി

കേരളം അറിയാൻ

ഇത് അതിശയം തന്നെ

ചിറകുള്ള ചങ്ങാതിമാർ

തെറ്റ് ശരി

ഈ ഫോട്ടോ കാണാം

ലോകം എങ്ങനെ

കൃഷിക്കാര്യം

പൂവറിവ്

വർണച്ചിറക്

കഥ - കവിത


Cover photo: Shutterstock




# പുതിയ തുടക്കം

2023-നെ നമ്മൾ പ്രതീക്ഷയോടെ വരവേറ്റുകഴിഞ്ഞു. ആധികളൊന്നുമില്ലാതെ സന്തോഷകരമായ ജീവിതസാഹചര്യങ്ങളിലൂടെ ലോകത്തിന് മുന്നോട്ടുപോകാൻ കഴിയട്ടെ. പുതുവർഷത്തിൽ എന്തൊക്കെ ചെയ്യാൻശ്രമിച്ചു എന്നതിലല്ല, വർഷാന്ത്യമാവുമ്പോഴേക്കും എന്തൊക്കെ ചെയ്തു തീർത്തു എന്നതാണ് പ്രധാനം. 2023-നെ ആവേശത്തോടെ വരവേറ്റതുപോലെ വർഷം മുഴുവൻ ചിട്ടയായി പ്രവർത്തിക്കാനുള്ള പദ്ധതികളും രൂപപ്പെടുത്തണം.




എഡിറ്റോറിയൽ

# കരുതിയിരിക്കാം സന്തോഷത്തിനായി...

**കാ**ലാവസ്ഥയെ കരുതിയിരിക്കണം എന്ന സൂചന പുതുവർഷത്തുടക്കത്തിൽതന്നെ നമുക്ക് ലഭിക്കുന്നുണ്ട്. അമേരിക്കയിലെ ചിലയിടങ്ങളിലെ അതിശൈത്യം മുൻപെങ്ങുമില്ലാത്ത നിലയിലേക്ക് എത്തി. ശൈത്യത്തിനൊപ്പം ശീതക്കാറ്റുംകൂടി ഉണ്ടായത് സ്ഥിതിഗതികൾ കൂടുതൽ ദുഷ്കരമാക്കി. ഡൽഹിയിലേയും പരിസരപ്രദേശങ്ങളിലെയും സ്ഥിതിയും മെച്ചമല്ല. മുമ്പെങ്ങുമില്ലാത്തവിധമാണ് ശൈത്യം അവിടങ്ങളിൽ പ്രതിസന്ധി സൃഷ്ടിക്കുന്നത്. കാലാവസ്ഥയിലെ ഈ അതിതീവ്രസ്വഭാവം ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും ഉണ്ടാവാനിടയുണ്ടെന്ന കരുതലുണ്ടാവുന്നത് നല്ലതാണ്. ആഗോളതാപനത്തിന്റെ ഫലമായുണ്ടാകുന്ന കാലാവസ്ഥാവ്യതിയാനങ്ങൾ കുറഞ്ഞുവരാനും ഇല്ലാതാകാനും വിവേകപൂർവം മനുഷ്യസമൂഹം പെരുമാറുകയല്ലാതെ മറ്റ് വഴിയില്ല. ക്ഷമയോടെയുള്ള കാത്തിരിപ്പും അനിവാര്യമാണ്.





# മുളങ്കാടുകൾ

കാഴ്ചയിൽ നിസ്സാരമെന്ന് തോന്നുമെങ്കിലും വളരെ പാരിസ്ഥിതികപ്രാധാന്യമുള്ളവയാണ് മുളങ്കാടുകൾ. പുല്ലുവർഗത്തിലെ ഏറ്റവും വലിയ സസ്യമാണിത്. ജലസാന്നിധ്യമുള്ള സ്ഥലങ്ങളിൽ ധാരാളമായി വളരുന്നു. കുളക്കോഴികൾ, ഇഴജന്തുക്കൾ, വിവിധയിനം ശലഭങ്ങൾ, കീരികൾ എന്നിവയൊക്കെ മുളങ്കൂട്ടങ്ങൾ ഉൾപ്പെട്ട ആവാസവ്യവസ്ഥയിൽ ഇണങ്ങി ജീവിക്കാറുണ്ട്. ഔഷധഗുണങ്ങളുള്ള ഒരു സസ്യമാണ് മുള. കടലാസുനിർമാണത്തിനും മുളകൾ ഉപയോഗിക്കുന്നു. മണ്ണൊലിപ്പ് തടയുന്നതിന് മുളകൾ വെച്ചുപിടിപ്പിക്കാറുണ്ട്. മുളങ്കാടുകൾ പൂക്കുന്നത് നിർഭാഗ്യകരമാണെന്ന് പഴമൊഴിയുണ്ടെങ്കിലും മുളങ്കാടുകൾ പരിസ്ഥിതിയുടെ അവിഭാജ്യഘടകം തന്നെ. വംശനാശഭീഷണി നേരിടുന്ന ഭീമൻപാണ്ടകളുടെ പ്രധാന ആഹാരമാണ് മുളങ്കൂമ്പുകൾ.



ഭദ്രാ ഹരി, ക്ലാസ് 8
എസ്.വി.വി.എച്ച്.എസ്.എസ്. താമരക്കുടി
കൊല്ലം



# കണ്ണാന്തളി

കേരളം അറിയാൻ



കണ്ണാന്തളി എന്ന് കേട്ടിട്ടില്ലേ? കേരളത്തിലെ ചെങ്കൽകുന്നുകളിലും പുൽമേടുകളിലും വ്യാപകമായി കാണപ്പെട്ടിരുന്ന സസ്യമാണിത്. വെള്ളയിൽ വയലറ്റ് കലർന്ന നിറമാണ് പൂക്കൾക്ക്. കല്ല് വെട്ടിയും മണ്ണെടുത്തും കുന്നുകൾ നശിപ്പിക്കപ്പെട്ടതോടെ കണ്ണാന്തളിച്ചെടികൾ അപ്രത്യക്ഷമായിത്തുടങ്ങി. സാഹിത്യകാരന്മാർക്കും പ്രകൃതിസ്നേഹികൾക്കും പ്രിയപ്പെട്ട കണ്ണാന്തളി ഇന്ന് വംശനാശഭീഷണിയിലാണ്. ജൻഷ്യനേസി കുടുംബത്തിൽപ്പെട്ട ഈ സസ്യത്തിന്റെ ശാസ്ത്രീയനാമം എക്സാകം ടെട്രാഗണം (Exacum tetragonum) എന്നാണ്. അക്ഷീപുഷ്പി എന്ന് സംസ്കൃതത്തിൽ അറിയപ്പെടുന്നു. ജൂണിൽ മുളയ്ക്കുന്ന ചെടികൾ ഡിസംബറോടെ ഉണങ്ങിപ്പോകും. എന്നാൽ ഏതുകാലത്തും വിത്തിട്ട് ഈ ചെടി വളർത്തിയെടുക്കാം.




ഷംന കെ.
സീഡ് കോർഡിനേറ്റർ ജി.യു.പി.എസ്.
കമ്പളക്കാട്, വയനാട്

# പച്ചപ്പൊടിക്കുരുവി
# Greenish warber

നാല് നാലര ഇഞ്ച് മാത്രം നീളമുള്ള ചെറുപക്ഷികളാണ് ഇവ. മിക്കസമയവും ഇലക്കൂട്ടങ്ങൾക്കിടയിൽ ചാഞ്ചാടിയും പറന്നും ഇരപിടിച്ചും നടക്കുന്നതിനാൽ അവയെ നല്ലപോലെ കാണാൻ പ്രയാസമാണ്. കൃശഗാത്രരും കുറുവാലുള്ളവരുമായ ഈ പക്ഷിയുടെ ഉപരിഭാഗം മഞ്ഞകലർന്ന ഇളംപച്ചയും അടിവശം മങ്ങിയ വെള്ളയുമാണ്. നീണ്ട വെളുത്ത പുരിക അടയാളവുമുണ്ട്. പൂട്ടിയ ചിറകിന്റെ നടുക്ക് കുറുകെ ചെറിയ ഒരു പക്ഷരേഖയുമുണ്ട്. ഒട്ടും വളവില്ലാത്തതും കുറിയതും കൂർത്തതുമാണ് ഇവയുടെ കൊക്ക്. വാലിന്റെ രൂപം അങ്ങാടിക്കുരുവിയുടെതുപോലെയാണ്. ഒക്ടോബർ, നവംബർ മാസങ്ങളിൽ ഇവയെ ധാരാളമായി കാണാം. സ്വന്തം താമസസ്ഥലത്തുനിന്ന് സ്വജാതിക്കാരെ അകറ്റിനിർത്തുന്നതിനായി പ്രത്യേക ശബ്ദം പുറപ്പെടുവിക്കാറുണ്ട്. പൊടിക്കുരുവികളിൽ പലരും വർഷംതോറും രണ്ടുതവണ 5000 മുതൽ 6500 വരെ കിലോമീറ്റർ ദീർഘയാത്ര നടത്തുന്നവരാണ്.



ശിവശങ്കർ ആർ., ക്ലാസ് 9
ഗാന്ധി സ്മാരക ഹൈസ്കൂൾ
തൃശ്ശൂർ

ഈ ഫോട്ടോ കാണാം

# MOON




അഭിരാം പി. പി., ക്ലാസ് ൯
റാണി പബ്ലിക് സ്കൂൾ വടകര
കോഴിക്കോട്



കൃഷിക്കാര്യം

# എയ്റോപോണിക്സ്

ജലമോ മണ്ണോ ആവശ്യമില്ലാത്ത കൃഷിരീതിയാണ് എയ്റോപോണിക്സ്. ജലബാഷ്പമാണ് എയ്റോപോണിക്സിന് തുണയാകുന്നത്. പോഷകസമൃദ്ധമായ ലായനിക്ക് മുകളിൽ ചെടികളെ സ്ഥാപിച്ചും എയ്റോപോണിക്സ് കൃഷി സാധ്യമാക്കുന്നു. മനുഷ്യൻ എന്നെങ്കിലും ബഹിരാകാശത്ത് താമസമാക്കിയാൽ, അന്ന് ഉപയോഗിക്കാനായി അമേരിക്കൻ ബഹിരാകാശഗവേഷണസ്ഥാപനമായ നാസയാണ് ആദ്യം എയ്റോപോണിക്സിനെപ്പറ്റി 1960–കളിൽ അമെസ് റിസർച്ച് സെന്ററിൽ ഗവേഷണങ്ങൾ തുടങ്ങിയത്.



ശിവദ് ടി.പി., ക്ലാസ് 4
സെന്റ് ഫിലോമിനാസ് എ.എൽ.പി. സ്കൂൾ,
മേരിക്കുന്ന്, കോഴിക്കോട്

സിനിമാപാട്ടിലെ പ്രകൃതി




# മണ്ണിൽ പൂർണമാകുന്ന ആനന്ദനടനം

ആനന്ദനടനം ആടിനാൻ... കനകസഭയിൽ സ്വയം നൃത്തമായിമാറി സത് ചിദാനന്ദം അനുഭവിക്കുന്ന നായകൻ. രാമഭക്തിയാൽ ആനന്ദത്തിലാറാടുന്ന ശാപവിമോചിതയായ അഹല്യ, ഗോവർധനഗിരി കയ്യിലുയർത്തിയ ഗോപകുമാരനും ആനന്ദത്തിന്റെ ഉത്തുംഗതയിൽ...

ഒടുവിൽ ഈ ആനന്ദനടനം പൂർണമാകുന്നതോ?

ചേറണിഞ്ഞ ജീരക ചെമ്പാവ് പാടം കൊയ്ത്, മെതിച്ച് കലവറക്കൂട്ട് നിറയ്ക്കുന്ന ആണാളിലും പെണ്ണാളിലും. യഥാർഥ ആനന്ദനടനം മണ്ണിൽ, കൃഷിയിൽ അനുഭവിക്കാൻ കഴിയുന്നു. മണ്ണിനെയറിയാതെ, പ്രകൃതിയിൽ മറ്റൊരു ലോകം സൃഷ്ടിച്ച് അതിൽ ആനന്ദം കണ്ടെത്താൻ ശ്രമിച്ച് പരാജയപ്പെടുന്ന ആധുനികമനുഷ്യർക്ക് ഒരു ഓർമപ്പെടുത്തലായി ഈ വരികൾ മാറുന്നു. കമലദളം എന്ന സിനിമയിൽ കൈതപ്രത്തിന്റെ വരികൾക്ക് രവീന്ദ്രനാണ് ഈണം നൽകിയത്.

സി.കെ. ബീന
സീഡ് ടീച്ചർ കോ ഓർഡിനേറ്റർ
ഇ.സി.ഇ.കെ.യൂണിയൻ ഹൈസ്കൂൾ
ആലപ്പുഴ



# എങ്ങനെയാണ് ബ്രസീൽ എന്ന് ആ രാജ്യത്തിന് പേര് വന്നത്?

ബ്രസീലിന്റെ ദേശീയവൃക്ഷമാണ് ബ്രസീൽവുഡ്. ആ വൃക്ഷത്തിന്റെ പേരിൽനിന്നാണ് രാജ്യത്തിനും പേര് വന്നത്. പൊബ്രസീലിയ എക്കിനാറ്റ എന്നാണ് അതിന്റെ ശാസ്ത്രനാമം. ഈ മരത്തിന്റെ തടി സംഗീതോപകരണങ്ങൾ ഉണ്ടാക്കുന്നതിന് ഉപയോഗിക്കുന്നു. ബ്രസീലിൻ എന്ന ചുവന്ന ചായമാണ് ഈ മരത്തിൽനിന്ന് ലഭിക്കുന്ന ഏറ്റവും പ്രധാനഉത്പന്നം. പോർച്ചുഗീസുകാരാണ് ഈ മരത്തെയും അതിന്റെ പ്രത്യേകതകളും കണ്ടെത്തിയത്. പണ്ടുകാലങ്ങളിൽ യൂറോപ്പിൽ തുണിത്തരങ്ങൾക്കായി ഈ ചായം ഉപയോഗിച്ചുതുടങ്ങിയതോടെ വൻതോതിൽ ബ്രസീലിയൻ കാടുകളിൽനിന്ന് ഈ മരങ്ങൾ മുറിച്ച് പോർച്ചുഗലിലേക്ക് കയറ്റിക്കൊണ്ടുപോയി. തുടർന്ന് മരങ്ങളുടെ എണ്ണം വലിയരീതിയിൽ കുറഞ്ഞു. വംശനാശം നേരിടുന്ന മരങ്ങളുടെ കൂട്ടത്തിലാണ് ഇപ്പോൾ ബ്രസീൽവുഡ്. ഈ മരങ്ങളുടെ എണ്ണം വർധിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ബ്രസീലിൽ നടത്തിവരുന്നു.

അർച്ചന എം., ക്ലാസ് 7
ഗാന്ധി സ്മാരക യു.പി.എസ്.
പാലക്കാട്

തെറ്റ് ശരി

# ടോയ്‌ലറ്റ്
# ഏറ്റവും കൂടുതൽ അണുക്കളുള്ള സ്ഥലമോ?

ഏറ്റവും കൂടുതൽ അണുക്കളുള്ള സ്ഥലം ടോയ്‌ലറ്റാണ് എന്നത് സാധാരണമായ തെറ്റിദ്ധാരണകളിലൊന്നാണ്. അരിസോണ സർവകലാശാല നടത്തിയ ഒരു പഠനത്തിൽ ടോയ്‌ലറ്റുകൾ താരതമ്യേന ശുദ്ധമാണെന്നാണ് കണ്ടെത്തിയത്. ഇടയ്ക്കിടെ അണുവിമുക്തമാക്കുന്നവയുടെ കാര്യത്തിലാണ് ഇത്.

നോർത്ത് കൊളറാഡോ മെഡിക്കൽ സെന്ററിലെ ഇൻഫെക്ഷൻ പ്രിവെൻഷൻ വെസ്റ്റേൺ റീജൺ ഡയറക്ടറുടെ അഭിപ്രായപ്രകാരം, ടോയ്‌ലറ്റ് സീറ്റുകൾ രോഗാണുക്കളുമായി സമ്പർക്കം പുലർത്തുന്നുണ്ടെങ്കിലും, സെൽഫോണുകൾ, ഹാൻഡ്ടവലുകൾ, കിച്ചൺകട്ടിങ്ബോർഡുകൾ തുടങ്ങിയ സാധാരണ വീട്ടുപകരണങ്ങളെയപേക്ഷിച്ച് ടോയ്‌ലറ്റുകൾ കൂടുതൽ തവണ (കൂടുതൽ നന്നായി) വൃത്തിയാക്കുന്നതിനാൽ അണുക്കൾ കുറവാണെന്നാണ് വിശദീകരണം. ഉദാഹരണത്തിന്, ഒരു ടോയ്‌ലറ്റ് സീറ്റിൽ ഒരു ചതുരശ്ര ഇഞ്ചിൽ 50 ബാക്ടീരിയകൾ മാത്രമേ ഉള്ളൂ.അതേസമയം ഒരു അടുക്കള സ്പോഞ്ചിൽ ഒരു ചതുരശ്ര ഇഞ്ചിൽ 10 ദശലക്ഷം ബാക്ടീരിയകളുണ്ട്.വാസ്തവത്തിൽ, സെൽഫോണുകളെയപേക്ഷിച്ച് പത്തിലൊന്ന് രോഗാണുക്കൾ മാത്രമേ ശരിയായി വൃത്തിയാക്കുന്ന ടോയ്‌ലറ്റിൽ കാണൂ.



ഫിദ യു.പി.
P.M.S.A.P.T.S.V.H.S.S.
കൈക്കോട്ടുകടവ്, കാസർകോട്



ലോകം എങ്ങനെ

# മരുഭൂമിക്ക് വഴിയൊരുക്കരുത്

**ലോ**കം നേരിടുന്ന പ്രധാന വെല്ലുവിളികളിലൊന്നാണ് പരിസ്ഥിതിപ്രശ്നങ്ങൾ. എല്ലാ രാജ്യങ്ങളും വളരെ ഗൗരവപൂർണമായി പരിസ്ഥിതിപ്രശ്നങ്ങൾ പഠിക്കുകയും അതിന്റെ വിപത്തുകൾ കുറയ്ക്കാനുള്ള വഴികൾ കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്. ഭൂമിയുടെ നിലനിൽപ്പിനുതന്നെ ഭീഷണിയാകാവുന്ന നിരവധി പാരിസ്ഥിതികപ്രശ്നങ്ങൾ പ്രതിദിനം വർധിക്കുന്നു. ഭൂമിയെ നാം നിരന്തരം മലിനമാക്കുന്നു. കാടിന്റെ മക്കളെ കുടിയിറക്കുന്നു. കാട്ടാറുകളെ കൈയേറുന്നു, കാട്ടുമരങ്ങളെ കട്ടുമുറിച്ച് മരുഭൂമിക്ക് വഴിയൊരുക്കുന്നു. 'കാവ് തീണ്ടരുത് കുളം വറ്റും' എന്ന പഴമൊഴിയിൽ തെളിയുന്നത് പരിസ്ഥിതിസന്തുലനത്തെക്കുറിച്ച് കേരളീയർക്കുണ്ടായ അവബോധമാണ്. പരിസ്ഥിതിയുടെ സംരക്ഷണവും അതിന്റെ ശാസ്ത്രവും അറിഞ്ഞുകൊണ്ടാകട്ടെ പുതുതലമുറയുടെ വളർച്ച.

ഇളാ ലക്ഷ്മി ശർമ, ക്ലാസ് 8
ഭവൻസ് വിദ്യാമന്ദിർ ഇളമക്കര
എറണാകുളം

പൂവറിവ്

# Billygoat weed

## അപ്പ, കാട്ടപ്പ, പന്നിഅപ്പ

അമേരിക്കക്കാരനായ ഈ ചങ്ങാതിയുടെ ഇംഗ്ലീഷ് പേര് ബില്ലിഗോട്ട് വീഡ് എന്നാണ്. ബ്രസീലിൽ ധാരാളമായി വളരുന്നു. നമ്മുടെ നാട്ടിലും, വീട്ടുപരിസരങ്ങളിൽ കാണപ്പെടുന്ന ഈ സസ്യം ആസ്റ്ററേസി സസ്യകുടുംബത്തിലുൾപ്പെടുന്നതാണ്. പ്രാദേശികമായി അപ്പ, കാട്ടപ്പ, പന്നി അപ്പ എന്നീ പേരുകളിൽ അറിയപ്പെടുന്നു. നാട്ടുവൈദ്യത്തിൽ വാതത്തിനും ദഹനക്കേടിനും ഉത്തമ ഔഷധമാണ്. മൂത്രാശയരോഗങ്ങൾക്കും ഔഷധമായി ഉപയോഗിക്കുന്നു. ശാസ്ത്രീയനാമം അഗരാറ്റം കോണിസോയിഡ്സ്.



അജിലേഷ് കെ.എസ്.
ക്ലാസ് 9 എ
ഏകലവ്യ മോഡൽ റെസിഡെൻഷ്യൽ സ്കൂൾ
പൈനാവ്, ഇടുക്കി

വർണച്ചിറക്

കവിത

# പ്രതീക്ഷ

പുതുവർഷത്തെ വരവേറ്റ്
പുത്തൻ പുലരി പിറക്കട്ടെ!
സൂര്യൻ ഒന്ന്
ഭൂമി ഒന്ന് നമ്മളും ഒന്ന് !
മാറണം മാറ്റണം
ചിന്തയും ശീലവും
ഞാനെന്നല്ല, നമ്മൾ എന്ന
ചിന്ത വേണം കൂട്ടരേ...
അറിയണം കേൾക്കണം
പ്രകൃതി എന്ന പുസ്തകം!



ആൽവിൻ ടി., ക്ലാസ് 4
കോട്ടം ഈസ്റ്റ് എൽ.പി. സ്കൂൾ
കണ്ണൂർ



വർണച്ചിറക് | കഥ

# സുന്ദരി തത്തയുടെ സഹായം

അമ്മുപ്പൂമ്പാറ്റയ്ക്ക് കുറേ കൂട്ടുകാരുണ്ട്. അവരിൽ ഉറ്റചങ്ങാതിമാരാണ് മിന്നുപ്പൂമ്പാറ്റയും ചിന്നുപ്പൂമ്പാറ്റയും. ഒരുദിവസം അവർ ഞാവൽക്കാട്ടിലേക്ക് പോയി. ഞാവൽമരത്തിൽ നിറയെ പഴങ്ങളുണ്ടെന്ന് കുഞ്ഞനണ്ണാൻ പറഞ്ഞിരുന്നു. ഞാവൽക്കാട്ടിലെത്തിയ അമ്മുപ്പൂമ്പാറ്റയ്ക്കും കൂട്ടുകാർക്കും സന്തോഷമായി. ഞാവൽപ്പഴങ്ങൾ കാറ്റിലാടി രസിക്കുന്നു. കാണാനെന്ത് ചന്തം. അവർ ആവോളം ഞാവൽപ്പഴം രുചിച്ചു. മതിമറന്നുപോയ അമ്മു പെട്ടെന്നാണ് ആ കരച്ചിൽ കേട്ടത്. ചിന്നൂ, മിന്നുവിന്റെ കരച്ചിലല്ലേ കേൾക്കുന്നത്. അമ്മു ചോദിച്ചു. രണ്ടുപേരും കരച്ചിൽ കേട്ടിടത്തേക്ക് പറന്നു. അതാ ചെമ്പൻചിലന്തി. മിന്നു ചെമ്പന്റെ വലയിൽ പെട്ടിരിക്കുകയാണ്. എങ്ങനെ രക്ഷിക്കും?



രണ്ടുപേരും സങ്കടപ്പെട്ടു. അപ്പോഴാണ് ഞാവൽമരത്തിന്റെ ഇലകൾക്കിടയിൽ സുന്ദരി തത്തയെ അവർ കണ്ടത്. നമുക്ക് സുന്ദരി തത്തയോട് സഹായം ചോദിച്ചാലോ? ചിന്നു പറഞ്ഞു. അമ്മു സുന്ദരി തത്തയോട് കാര്യം പറഞ്ഞു. സുന്ദരി പാറിവന്ന് വല കൊത്തിപ്പൊട്ടിച്ചു. മിന്നുപ്പൂമ്പാറ്റ രക്ഷപ്പെട്ടു. മൂന്നുപേരും സുന്ദരിക്ക് നന്ദിപറഞ്ഞു. കൂട്ടുകാരേ, ആപത്തിൽപ്പെട്ടവരെ രക്ഷിക്കാൻ നമ്മളോരോരുത്തരും മനസ്സുകാണിക്കണം.

ദിയ ബൈജു ,ക്ലാസ് 4
ജി.എൽ.പി.എസ്. കൂലേരി,
കാസർകോട്

ഓരോ വർഷവും പിറക്കുന്നത്
ജീവിതത്തിൽനിന്ന് ഒരു വർഷം
കുറയുന്നു എന്നുകൂടി
ഓർമിപ്പിച്ചുകൊണ്ടാണ്.
ഇന്ന് ചെയ്യാനുള്ളത്
നാളേക്ക് മാറ്റരുത്.

Mathrubhumi Seed
Student Empowerment for Environmental Development
IN PARTNERSHIP WITH FEDERAL BANK

മാതൃഭൂമി
ആകാശപ്പച്ച

ആകാശപ്പച്ചയിലേക്കുള്ള
രചനകളും
നിർദേശങ്ങളും
akashapacha@mpp.co.in
എന്ന വിലാസത്തിലേക്ക്
അയക്കാം.
വിശദവിവരങ്ങൾക്ക്
സീഡ് ജില്ലാ കോ-
ഓഡിനേറ്റർമാരോട്
സംസാരിക്കാം.

മാതൃഭൂമി ആകാശപ്പച്ച
Published by Mathrubhumi Seed